# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5088** | **30/06/2014 ൽ മറുപടിക്ക്**

### ഭൂമി തട്ടിപ്പും വിജിലൻസ് അന്വേഷണവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ.ബാലൻ :**<br>**ശ്രീ.എസ്.രാജേന്ദ്രൻ :**<br>**ശ്രീ.എസ്.ശർമ്മ :**<br>**ശ്രീ.കെ.കെ.നാരായണൻ :** | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഭൂമി തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഭൂമി തട്ടിപ്പുകൾ സംബന്ധിച്ച വിജിലൻസ് കേസുകൾ താരതമ്യേന കുറവാണ്. |
| (ബി) ഭൂമി തട്ടിപ്പുകൾ തടയാനും ഇത്തരം കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യാനും വിജിലൻസിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) പ്രധാനമായ കേസുകളിൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം നടത്തുകയും, മറ്റു വകുപ്പിലെ വിദഗ്ധരായ ഉദ്യോഗസ്ഥരുടെ സേവനം അന്വേഷണത്തിന് ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ വിജിലൻസ് കേസുകളിലെ അന്വേഷണങ്ങൾ എല്ലാം തന്നെ കോടതിയുടെ മേൽനോട്ടത്തിലും കർശന നിരീക്ഷണത്തിലുമാണ് നടത്തുന്നത്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ തന്നെ ഇത്തരം കേസുകളിൽ ശക്തമായ അന്വേഷണം നടത്തുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സാധിക്കുന്നുണ്ട്. |
| (സി) ഭൂമി തട്ടിപ്പ് നടത്തിയ ക്രിമിനലുകൾക്ക് ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നുള്ള സഹായം ലഭിച്ചിട്ടുണ്ടെന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; | (സി) തിരുവനന്തപുരം കടകംപള്ളി ഭൂമിതട്ടിപ്പ് , എറണാകുളം കളമശ്ശേരി ഭൂമിതട്ടിപ്പ് തുടങ്ങിയവയിലുള്ള വിജിലൻസ് അന്വേഷണങ്ങൾ നിലവിൽ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയിരിക്കുന്നതിനാൽ മറ്റുവിവരങ്ങൾ ലഭ്യമല്ല. |
| (ഡി) ഭൂമി തട്ടിപ്പ് കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജിനെ വിജിലൻസ് ചോദ്യം ചെയ് ത രീതിയിൽ ഹൈക്കോടതി കടുത്ത അതൃപ് തി രേഖപ്പെടുത്താൻ ഇടയായ സാഹചര്യം എന്തായിരുന്നു ; | (ഡി) ബഹു. ഹൈക്കോടതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് രേഖാമൂലം അതൃപ്തി രേഖപ്പെടുത്തിയിട്ടില്ല. |
| (ഇ) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട്; അറസ്റ്റ് ചെയ്യപ്പെട്ട കുറ്റവാളികൾ എത്ര; ആരൊക്കെ; വ്യക്തമാക്കാമോ ? | (ഇ) അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സമർപ്പിക്കുമ്പോഴാണ് കുറ്റക്കാരുടെ വിവരങ്ങൾ ലഭിക്കുന്നത്. എന്നാൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കെ അന്വേഷണം സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**